# വിശ്രമത്തിന് മടങ്ങി വരിക

Giving Light to Our World

# വിശ്രമത്തിന് മടങ്ങി വരിക

മുമ്പൊക്കെ അർദ്ധരാത്രി കഴിയുമ്പോൾ ടെലിവിഷൻ പരിപാടികൾ ദേശീയഗാനം പാടി അവസാനിപ്പിക്കുക പതിവായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങിനെയൊന്നും ഇല്ല. ഇന്നാണെങ്കിൽ അർദ്ധരാത്രിക്കുശേഷവും പരിപാടികളാണ്. വാർത്താപ്രക്ഷേപണം, കാലാവസ്ഥ വിവരണം. നിങ്ങൾ കേട്ടിട്ടു പോലുമില്ലാത്ത ഉപകരണങ്ങളുടെ വിവരണം എന്നിവ ഒരിക്കലും അവസാനിക്കുന്നില്ല. ചെറിയ പട്ടണങ്ങളിൽ പോലും വൻകിട കച്ചവട കേന്ദ്രങ്ങൾ 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്നു. നാം ഇന്നു ജീവിക്കുന്നത് 24/7 ലോകത്തിലാണ്.

ജോലി സമയം അതീവ തിരക്കേറിയിരിക്കുന്നു. പല കാര്യങ്ങൾ ഒരേ സമയം ചെയ്യുവാൻ മനുഷ്യർ ബദ്ധപ്പെടുന്നുണ്ട്. റോഡിൽ യാത്ര ചെയ്യുമ്പോൾ തന്നെ ഫോൺ ഉപയോഗിക്കാം; സന്ദേശങ്ങൾ അയയ്ക്കാം; വാർത്തകളും പാട്ടുകളും കേൾക്കാം, സാമ്പത്തിക സ്ഥിതി മനസ്സിലാക്കാം.

എട്ടു മണിക്കൂർ ഓഫീസ് ജോലി പലർക്കും വീടുകളിൽ കൂടെ വ്യാപിച്ച് അവരെ വിശ്രമരഹിതരാക്കുന്നു. നമുക്ക് വിശ്രമം വേണമെന്നുള്ള യാഥാർത്ഥ്യം നാം വേഗം മനസ്സിലാക്കുവാൻ പോകയാണ്. ഭവനം, സ്നേഹം തുടങ്ങിയവയിലേക്കുള്ള ഒരു മാറ്റം അനിവാര്യമായിരിക്കുന്നു. അഖിലാണ്ഡത്തിൽ നമ്മുടെ സ്ഥാനവും നാം ധ്യാനവിഷയമാക്കാണം. "തന്നെത്താൻ വിലയിരുത്തപ്പെടാത്ത ജീവിതം വ്യർത്ഥമാണ്" എന്ന് സോക്രട്ടീസ് പണ്ട് പറഞ്ഞത് സത്യമായി വരുന്നു. നാം വേല ചെയ്യുന്നു; പദ്ധതികൾ തയ്യാറാക്കുന്നു; ബദ്ധപ്പെട്ട് അദ്ധ്വാനിക്കുന്നു; സമ്പാദിക്കുന്നു - എന്തിനു വേണ്ടി? ഒരു അദൃശ്യ മൂടൽമഞ്ഞു പോലെ തിരക്കു പിടിച്ച ജീവിതമെന്ന മാസ്മരികവലയത്തിൽ ചുറ്റപ്പെട്ടിരിക്കുന്ന നാം അതിൽ നിന്ന് പുറത്തുകടന്ന് ജീവിതയാഥാർത്ഥ്യങ്ങളെ കുറിച്ച് ധ്യാനിക്കേണ്ടിയിരിക്കു

ന്നു.

നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, ഇന്നത്തെ വ്യാപാര കേന്ദ്രങ്ങൾ പോലും ഒരു ശബ്ബത്തിലേക്ക് മടങ്ങി വരുവാൻ തങ്ങളുടെ വേലക്കാരെ പ്രോത്സാഹിപ്പിക്കുകയാണ്. 2007 ജൂൺ 15 - ൽ ഇറങ്ങിയ "വാൾ സ്ട്രീറ്റ്" ജേർണലിന്റെ മുഖപ്രസംഗം "ശബ്ബത്തിന്റെ വീഴ്ച" എന്ന തല വാചകത്തിൽ ഇങ്ങനെ പറയുന്നു: "നാം ആസ്വദിക്കുന്ന സുഭിക്ഷതയുടെ മറുവശം നമ്മുടെ വിശ്രമദിവസം മറ്റൊരു പ്രവൃത്തി ദിവസമായി മാറിയിരിക്കുന്നു എന്നതാണ്. മുമ്പൊരിക്കലും കേട്ടിട്ടില്ലാത്തവിധം കുടുംബം, മതം, വിശ്രമം എന്നിവയെല്ലാം മറന്നുകൊണ്ട് നാം വാണിജ്യ - വ്യവസായ സംരംഭങ്ങളുടെ പിന്നാലെ പായുന്നു. ഇത് എല്ലാ ദിവസങ്ങളെയും പോലെ ശബ്ബത്തിനെയും ബാധിച്ചിരിക്കുന്നു."

അറിവും വാർത്തകളും എല്ലായ്പ്പോഴും ലഭ്യമാക്കുന്ന യാന്ത്രിക മാദ്ധ്യമ ബാഹുല്യത്തിന്റെയും താളം തെറ്റിക്കുന്ന ജിജ്ഞാസ, സംരംഭങ്ങളുടെയുമെല്ലാം ശരിയായ മറുമരുന്നാണ്. ശബ്ബത്തു പ്രക്ഷേപണം ചെയ്തുവരുന്ന നിരർത്ഥക വാർത്തകളിൽ നിന്ന് മോചനവും അഭയവും തരുന്നത് ശബ്ബത്ത് മാത്രമാണ്.

നമുക്ക് വിശ്രമത്തിനുള്ള അഭയകേന്ദ്രമായി സൃഷ്ടിപ്പിൽ സമയത്തു തന്നെ ദൈവം അതു ക്രമീകരിച്ചു എന്ന് ബൈബിൾ പറയുന്നു. "താൻ ചെയ്ത സകലപ്രവർത്തിയിൽ നിന്നും ഏഴാം ദിവസം നിവൃത്തനായി താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവർത്തിയിൽ നിന്നും അന്ന് നിവൃത്തനായതുകൊണ്ട് ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു." താൻ ചെയ്ത സകലപ്രവർത്തിയിൽ നിന്നും നിവൃത്തനായി ദൈവം നമുക്കൊരു മാതൃക കാണിച്ചു തന്നിരിക്കുന്നു. പത്തു കല്പനകളിൽ ഇതു ചേർത്തുകൊണ്ട് ഇതിന്റെ പ്രാധാന്യം വീണ്ടും ദൈവം ആവർത്തിക്കുന്നു. "ആറു ദിവസം അദ്ധ്വാനിച്ച് നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു."

ഏഴു ദിവസങ്ങളിൽ ഇഷ്ടമുള്ള ആറു ദിവസം വേല ചെയ്തു കൊണ്ട് ഏതെങ്കിലും ഒരു ദിവസം സ്വസ്ഥമായിരിക്കുക എന്നല്ല ദൈവകല്പന; മറിച്ച്, ഏഴാം ദിവസമാണ് ശബ്ബത്ത് എന്ന് അത് വ്യക്തമാക്കുന്നു. ഏതെങ്കിലും ഒരു ഏഴാം ദിവസമല്ല, ആ പ്രത്യേക ഏഴാം ദിവസമാണത്. ആഴ്ചയുടെ ഏഴാം ദിവസം ശനിയാഴ്ചയാണ്.

ശനിയാഴ്ച്ചയോ? ശനിയാഴ്ച ശബ്ബത്ത് സീനായിൽ വെച്ച് യഹൂദന്മാർക്കു മാത്രമായി കൊടുത്തതാണെന്ന് നിങ്ങളെപ്പഠിപ്പിച്ചിരിക്കാം. അതുശരിയാണെങ്കിൽ 'കൊല ചെയ്യരുത്' 'മോഷ്ടിക്കരുത്' തുടങ്ങിയവ എല്ലാം യഹൂദന്മാർക്ക് മാത്രമായിരിക്കുമല്ലോ. ശബ്ബത്തിനെ ക്രൂശ് അവസാനിപ്പിച്ചു കളഞ്ഞു എന്നും നിങ്ങൾ കേട്ടിട്ടുണ്ടാകും. അതു വീണ്ടും അർത്ഥമാക്കുന്നത് നമുക്ക് കൊല ചെയ്യുവാനും  മോഷ്ടിക്കുവാനും ഒക്കെ സ്വാതന്ത്ര്യം ഉണ്ടെന്നു പറഞ്ഞാൽ ആരും അത് വിശ്വസിക്കയില്ല. യേശുവിന്റെ ഉയർപ്പിനെ ബഹുമാനിപ്പാനാണ് നാം ഞായറാഴ്ച ആചരിക്കുന്നതെന്ന് നിങ്ങളെ പഠിപ്പിച്ചിട്ടുണ്ടാകും. അതു നാം ഓർമ്മിക്കേണ്ടത് അത്യാവശ്യം തന്നെയാണ്. പക്ഷെ, ബൈബിൾ പറയുന്നത് യേശുവിന്റെ ഉയിർപ്പിനെ അല്ല. തന്റെ മരണത്തെ ഓർമ്മിക്കണമെന്നാണ് 1 കൊരി. 11:26".

പത്തു കല്പനയിൽ ശബ്ബത്തിനെ ഓർക്കുക എന്ന പറയുന്നതുപോലെ തന്നെ യേശുവിന്റെ മരണത്തെയും ഓർക്കുവാൻ നമ്മോടു പറയുന്നു. ഒരു മുഴു ദിവസം യേശു സ്വസ്ഥമായിരുന്നത് ശബ്ബത്ത് നാളിൽ കല്ലറക്കുള്ളിൽ മാത്രമായിരുന്നു എന്നതും നമുക്ക് കണ്ടെത്തുവാൻ ആകും. യേശുവിന്റെ മരണം ശബ്ബത്തിനെ നീക്കുന്നതിനു പകരം അതിനെ ഉറപ്പിക്കകയത്രെ ചെയ്യുന്നു. സൃഷ്ടിപ്പിൻ വാരത്തിൽ യേശു ഏഴാം ദിവസം സ്വസ്ഥനായിരുന്നതുപോലെ വീണ്ടെടുപ്പിൻ വേല പൂർത്തിയാക്കിയ ശേഷവും ഏഴാം ദിവസംയേശു സ്വസ്ഥനായിരുന്നു.

നമ്മിൽ പലർക്കും കല്പന എന്നോ അനുസരണയെന്നോ ഉള്ള ആശയം ഇഷ്ടമായിരിക്കയില്ല. ഇത് നമുക്ക് ഭോഷത്വമായി തോന്നും. നിങ്ങളുടെ പ്രത്യേകമായ ശാരീരിക ആവശ്യവുമായി ബന്ധപ്പെട്ട് നിങ്ങളുടെ ഡോക്ടർ നിങ്ങളോടു ഒരു അവധി എടുക്കുവാൻ ആവശ്യപ്പെട്ടു എന്നു സങ്കല്പിക്കുക. അതുപോലെയാണ് ശബ്ബത്ത്. "ശബ്ബത്ത് മനുഷ്യനു വേണ്ടിയാണ് ഉണ്ടാക്കിയത് ശബ്ബത്തിനു വേണ്ടിയല്ല മനുഷ്യൻ ഉണ്ടാക്കപ്പെട്ടത്. " എന്നും യേശു തന്നെ പറഞ്ഞിരിക്കുന്നു. അതിന്റെ അർത്ഥം നമുക്ക് തോന്നും പോലെ ചാടി നടക്കേണ്ട ദിവസമല്ല ശബ്ബത്ത് എന്നാണ്. അതിനു നമുക്ക് വേറെ ആറു ദിവസങ്ങളുണ്ട്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സ്വസ്ഥ നാളാണ് ശബ്ബത്ത്.

പക്ഷെ, ഇതിനു ഞായറാഴ്ചയോ ചൊവ്വാഴ്ചയോ ആയികൂടെ? എന്തുകൊണ്ട് ശനിയാഴ്ച? ഉല്പത്തിയിൽ സൃഷ്ടിപ്പിൻ സമയത്തു തന്നെ" ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" എന്നു ഓർക്കുക.

എന്തിനെയെങ്കിലും "വിശുദ്ധീകരിക്കുക" എന്നതിന്റെ അർത്ഥം എന്താണ്? കത്തുന്ന മുൾപ്പടർപ്പിന്റെ സമീപം മോശെ നിന്നപ്പോൾ അവൻ ഒരു വിശുദ്ധ സ്ഥലത്തു നിലക്കുകയായിരുന്നു. അവിടെ വിശുദ്ധമാക്കിയത് എന്തായിരുന്നു? ദൈവസാന്നിദ്ധ്യം ആയിരുന്നു അത്. ഒരു പ്രത്യേകരീതിയിൽ സന്നിഹിതനായിരുന്നു കൊണ്ട് ദൈവം ശബ്ബത്തു ദിവസത്തെ വിശുദ്ധീകരിക്കുന്നു.

"എല്ലാ ദിവസങ്ങളിലും ദൈവസാന്നിദ്ധ്യം ഇല്ലേ?" എന്നു നിങ്ങൾ ചോദിക്കുമായിരിക്കും. തീർച്ചയായും അതു ശരിയാണ്. അതുപോലെ ദൈവസാന്നിദ്ധ്യം എല്ലായിടത്തും ഉണ്ടെന്നുള്ളതും ശരിയാണ്. പക്ഷെ, മോശെയ്ക്ക് എല്ലായിടത്തും ചെരുപ്പ് ഊരിക്കളയേണ്ട കാര്യം ഉണ്ടായിരുന്നില്ല. അതിന്റെ ആവശ്യം കത്തുന്ന മുൾപ്പടർപ്പ് ഭാഗത്ത് മാത്രമായിരുന്നു. ശബ്ബത്തിൽ എന്ന പോലെ കത്തുന്ന മുൾപ്പടർപ്പു ഭാഗത്തും ദൈവസാന്നിദ്ധ്യം ഉണ്ടായിരുന്നത്

എല്ലായിടത്തും ദൈവം ഉണ്ടെന്നുള്ള ആശയത്തെ വ്യത്യാസപ്പെടുത്തുന്നു. ദിനന്തോറുമുള്ള തങ്ങളുടെ വേലയിൽ നിന്ന് ഏഴാം ദിനമായ ശനിയാഴ്ചയിൽ നിവൃത്തരായി കുടുംബത്തോടൊപ്പം ദൈവവുമായുള്ള സ്വസ്ഥത അനുഭവിക്കുന്നവർ ശബ്ബത്തിന്റെ പ്രത്യേകമായ ദൈവസാന്നിദ്ധ്യം അനുഭവിക്കുന്നു.

ശബ്ബത്തിൽ സ്വസ്ഥമായിരിക്കുന്നതിന്റെ സാദ്ധ്യതകൾ അന്വേഷിച്ച് അറിയണമെങ്കിൽ നിങ്ങളുടെ സമീപം അപ്രകാരമുള്ളവർ അത് ചെയ്ത് തരുവാൻ സന്തോഷമുള്ളവരാണ്.

**ബുദ്ധിപരമായ ഒരു വിശ്വാസം**

യോവേലും മാർക്കോസും വ്യത്യസ്ത വിശ്വാസങ്ങളുള്ള സ്നേഹിതരായിരുന്നു. ഭൂതലം എങ്ങുമുള്ള സർവ്വവും സൃഷ്ടിച്ച ദൈവത്തിൽ യോവേൽ വിശ്വസിച്ചിരുന്നു. എന്നാൽ താൻ അടക്കം ഭൂമിയിലുള്ളതെല്ലാം യാദൃശ്ചികമായി സംഭവിച്ച് ഉണ്ടായതാണെന്ന് ചിന്തിച്ചുകൊണ്ട് മതവിശ്വാസത്തെയെല്ലാം പുച്ഛിച്ചു തള്ളുന്ന നിരീശ്വരവാദിയായിരുന്നു മാർക്കോസ്. "ദൈവമുണ്ടെന്നും ബൈബിൾ വെറും സങ്കല്പകഥകളല്ലെന്നും നിനക്ക് എങ്ങിനെ പറയാൻ പറ്റും?" എന്ന് മാർക്കോസ് പലപ്പോഴും യോവേലിനെ വെല്ലുവിളിച്ചിരുന്നു. "ദൈവമുണ്ടെന്ന് ബൈബിൾ പറയുന്നു; അത് ദൈവവചനമാകയാൽ ബൈബിളിൽ ആശ്രയിക്കാം" എന്ന് യോവേലും ഉത്തരം പറഞ്ഞിരുന്നു. എന്നാൽ വെറും മൗഢ്യ തർക്കമായി ഇതിനെ തള്ളിക്കളഞ്ഞ മാർക്കോസിന്റെ വാദഗതി രസകരമായിരുന്നു. "ഫ്രാൻസിസ് പറയുന്നതുകൊണ്ട് ഞാൻ നല്ല ജോലിക്കാരനാണ്. ഫ്രാൻസിസിനെ എങ്ങിനെ വിശ്വസിക്കാം? ഉത്തരം: ഞാൻ അവനു വേണ്ടി സാക്ഷ്യം പറയുന്നു". ദൈവം ഉണ്ടെന്നും ബൈബിൾ സത്യമാണെന്നുമുള്ള യോവേലിന്റെ വൃത്താകാര ന്യായവാദം ആരെയും വിശ്വസിപ്പിക്കുകയില്ല. എന്നിരുന്നാലും ബൈബിളിൽ വിശ്വസിക്കുന്ന പലർക്കും ഇതിലും വലിയ വാദഗതി വേറെയില്ല. ബൈബിൾ വിശ്വാസയോഗ്യമാണെന്നുള്ള ശക്തമായ തെളിവ്

എന്താണുള്ളത്? മനുഷ്യർ ക്രിസ്ത്യാനികൾ ആകുമ്പോൾ ബുദ്ധിയും ന്യായവാദവും കിളിവാതിൽ കടന്നു പോകയാണോ?

### ഒരു സ്വപ്നം

ബൈബിളിന്റെ വിശ്വാസയോഗ്യത പരീക്ഷിച്ച് അറിയേണ്ടതിനുള്ള ഒരു വഴി അതിലെ പ്രവചനങ്ങളിലേക്ക് നോക്കുകയാണ്. ബൈബിളിൽ കൂടെ ഭാവിയെ സംബന്ധിച്ച് തനിക്ക് പറയാനാകുമെന്ന് ദൈവം അവകാശപ്പെടുന്നു (യെശ. 46:9,10) പുരാതന ബാബിലോണിന്റെ ചരിത്രരേഖകൾ ദാനിയേൽ പുസ്തകത്തിൽ നാം പരിശോധിക്കുമ്പോൾ ബൈബിളിന്റെ വിശ്വാസ്യതക്കുള്ള ഉത്തരം ലഭ്യമാകും. ബൈബിളിലും ചരിത്രത്തിലും രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന നെബുഖദ് നേസർ എന്ന ഒരു രാജാവിനെ നാം കാണുന്നു. ഒരു രാത്രിയിലെ സ്വപ്നം അദ്ദേഹത്തെ വളരെ വ്യാകുലപ്പെടുത്തി. നേരം പുലർന്നു എഴുന്നേറ്റപ്പോൾ അദ്ദേഹത്തിന് ആ സ്വപ്നം ഓർക്കുവാനായതുമില്ല. അത് തന്റെ സ്വസ്ഥതയെ തകർത്തു കൊണ്ടേയിരുന്നു. സകല ബുദ്ധിമാന്മാരേയും വിളിച്ചു കൂട്ടി സ്വപ്നവും അർത്ഥവും വിവരിപ്പാൻ രാജാവു ആവശ്യപ്പെട്ടു. അവർക്കതിനു കഴിഞ്ഞതുമില്ല ". രാജാവിന്റെ കാര്യം അറിയിപ്പാൻ കഴിയുന്ന ഒരു മനുഷ്യനും ഭൂമിയിൽ ഇല്ല............." എന്നവർ രാജസന്നിധിയിൽ ബോധിപ്പിച്ചു (ദാനി. 2:10,11). ഇതിൽ കുപിതനായ രാജാവ് ബുദ്ധിമാന്മാരെ എല്ലാം കൊന്നുകളയുവാൻ കല്പിച്ചു(ദാനിയേൽ 2:12). ഈ സന്ദർഭത്തിലാണ് എബ്രായ വംശക്കാരനായ ദാനിയേൽ രംഗപ്രവേശം ചെയ്യുന്നത്. കൗമാരക്കാരനായിരുന്നപ്പോഴാണ് ദാനിയേൽ ഒരടിമയായി ബാബിലോണിൽ കൊണ്ടുവരപ്പെട്ടത്. അവൻ ദൈവവിശ്വാസിയും ആയിരുന്നു. രാജാവിന്റെ സേനാപതിയായ അരിയോക്കിൽ നിന്ന് രാജകല്പനയുടെ തീവ്രത മനസ്സിലാക്കിയ ദാനിയേൽ രാജസന്നിധിയിൽ ചെന്ന് സ്വപ്നവും അർത്ഥവും താൻ അറിയിക്കാമെന്നും അതിന് അല്പസമയം അനുവദിക്കണമെന്നും അഭ്യർത്ഥിച്ചു. രാജാവ് അത് സമ്മതിച്ചു കൊടു

ക്കുകയും ചെയ്തു. ഉടനെ ദാനിയേൽ തന്റെ ഭവനത്തിൽ ചെന്ന് ഇക്കാര്യം ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിച്ചു. " ആ രഹസ്യം ദാനിയേലിനു രാത്രി ദർശനത്തിൽ" ദൈവം വെളിപ്പെടുത്തി (ദാനിയേൽ 2:19)

**ചരിത്രത്തിൽ ഒരു വലിയ ബിംബം**

അടുത്ത ദിവസം രാവിലെ ദാനിയേൽ രാജസന്നിധിയിൽ സ്വപ്നം വിവരിച്ചു. രാജാവു കണ്ടത് വലിയൊരു ബിംബമായിരുന്നു. അതിന് അഞ്ച് വ്യത്യസ്ത ഭാഗങ്ങളുണ്ടായിരുന്നു. തല സ്വർണ്ണം കൊണ്ടും നെഞ്ചും കയ്യും വെള്ളി കൊണ്ടും വയറും അരയും താമ്രം കൊണ്ടും കാലുകൾ ഇരുമ്പു കൊണ്ടും കാല്പാദങ്ങൾ ഇരുമ്പും കളിമണ്ണും കൊണ്ടും ആയിരുന്നു. രാജാവ് ആ ബിംബത്തെ നോക്കിക്കൊണ്ടിരുന്നപ്പോൾ ഒരു കല്ല് പർവ്വതത്തിൽ നിന്ന് ഉരുണ്ട് വന്ന് ബിംബത്തിന്റെ കാലിൽ അടിച്ച് അതിനെ മുഴുവനായി തകർത്ത് പൊടിയാക്കുകയും ചെയ്തു(ദാനി. 2:31- 35). പിന്നീട് ദാനിയേൽ ഈ സ്വപ്നത്തിന്റെ അർത്ഥവും വിവരിച്ചു. സ്വർണ്ണം കൊണ്ടുള്ള തല ബാബിലോൺ സാമ്രാജ്യത്തെ സൂചിപ്പിക്കുന്നു. വെള്ളി കൊണ്ടുള്ള നെഞ്ചും കയ്യും മേദ്യ- പേർഷ്യ സാമ്രാജ്യവും താമ്രം കൊണ്ടുള്ള വയറും അരയും ഗ്രീക്കു സാമ്രാജ്യവും ഇരുമ്പുകൊണ്ടുള്ള കാലുകൾ റോമാ സാമ്രാജ്യവും ആയിരുന്നു. ഇരുമ്പും കളിമണ്ണും കൊണ്ടുള്ള കാൽവിരലുകൾ റോമാ സാമ്രാജ്യം ഭിന്നിച്ചുണ്ടായ രാജ്യങ്ങളായിരുന്നു. അവയിൽ ചിലത് ബലമുള്ളതും ചിലത് ബലമില്ലാത്തവയുമാണ്. ഇരുമ്പും കളിമണ്ണും തമ്മിൽ ചേരാത്തതുപോലെ അവർ തമ്മിൽ ചേരുകയില്ല. പർവ്വതത്തിൽ നിന്നു വന്ന വലിയ കല്ല് ദൈവരാജ്യത്തെ സൂചിപ്പിക്കുന്നു. "............... സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും;....................അത് ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കുകയും എന്നേക്കും നിലനിൽക്കുകയും ചെയ്യും" (ദാനി 2:38- 44)

## സ്വപ്നത്തിന്റെ നിറവേറൽ

മേൽപറഞ്ഞ സാമ്രാജ്യങ്ങളെക്കുറിച്ചുള്ള പ്രവചനം കൃത്യമായി നിറവേറിയിരിക്കുന്നു. ഒന്നാമത്തെ സാമ്രാജ്യമായ ബാബിലോൺ ആ.ഇ. 605539 വരെ ഭരിച്ചു. മേദ്യ- പേർഷ്യ സാമ്രാജ്യം ആ.ഇ. 539 531വരെയും ഗ്രീക്ക് സാമ്രാജ്യം ആ.ഇ. 331168 വരെയും ഇരുമ്പു സാമ്രാജ്യമായ റോമാ സാമ്രാജ്യം ആ.ഇ. 168അഉ 476 വരെയും ഭരണം നടത്തി. റോമാ സാമ്രാജ്യം വിഭജിച്ചുണ്ടായ ചെറു രാജ്യങ്ങൾ ആധുനിക യൂറോപ്പിൽ നമുക്കിന്നും കാണാം. ഈ അഞ്ചു രാജ്യങ്ങളെക്കുറിച്ചുള്ള ബൈബിൾ പ്രവചന നിറവേറൽ അതീവ കൃത്യതയോടെ സംഭവിച്ചിരിക്കുന്നു.

## കൃത്യമായ മറ്റു തെളിവുകൾ

ദാനിയേൽ പ്രവചനം തെറ്റാണെന്നും അത് വളരെ നാളുകൾക്ക് ശേഷം എഴുതപ്പെട്ടതാണെന്നും അവിശ്വാസികൾ അഭിപ്രായപ്പെടുന്നുണ്ട്. എന്തുതന്നെ ആയിരുന്നാലും ചാവുകടൽ ചുരുളുകളിൽ ദാനിയേൽ പ്രവചനത്തിന്റെ എട്ടു കൈ എഴുത്തു പ്രതികൾ കണ്ടെത്തിയിട്ടുണ്ട്. അതിന്റെ കാലഘട്ടം ആ.ഇ. 125 നു മുമ്പാണെന്നുള്ളതു സത്യമാണ്. അതായത് റോമാ സാമ്രാജ്യം വിഭജിക്കപ്പെട്ട് യൂറോപ്പിലെ ആധുനിക രാജ്യങ്ങളായി രൂപപ്പെടുന്നതിനു നൂറ്റാണ്ടുകൾക്കു മുമ്പായിരുന്നു അത്. ബൈബിൾ എഴുതപ്പെട്ടത് ദൈവ നിയോഗത്താലാണെന്നതിന് നൂറുകണക്കായ തെളിവുകൾ ഉള്ളതിൽ ഒന്നു മാത്രമാണ് ഈ പ്രവചനം. ക്രിസ്തുവിന്റെ സ്നാനവും മരണവും അതു സംഭവിക്കുന്നതിനു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ദാനിയേൽ 9-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത് അത്ഭുതാവഹമാണ്. ബൈബിൾ പ്രവചനങ്ങളുടെ കൃത്യത പരിശോധിച്ചാൽ തെളിഞ്ഞുവരുന്നത് ദൈവത്തെയും ബൈബിളിനെയും നമുക്ക് ആശ്രയിക്കാമെന്നുള്ള സാരാംശം തന്നെ! ദാനിയേൽ 2-ാം അദ്ധ്യായത്തിലെ പ്രവചന നിറവേറലിന്റെ കൃത്യത നമു

ക്കുണ്ടായിരിക്കേണ്ട ബുദ്ധിയുള്ള വിശ്വാസത്തിന് ഒരു അടിസ്ഥാനമാണ്. ദൈവശ്വാസീയമായ ബൈബിൾ ഏതു പരിതസ്ഥിതിയിലും നമുക്ക് ആശ്രയിക്കാവുന്ന വഴികാട്ടിയത്രെ. ഈ അറിവുകളിലെല്ലാമുള്ള വെറും വിശ്വാസം മാത്രം നമുക്കു പര്യാപ്തമല്ല. അതു നമ്മെ രക്ഷിക്കുകയുമില്ല. നമ്മുടെ വിശ്വാസം നമ്മെ രൂപാന്തരപ്പെടുത്തേണ്ടതുണ്ട്. നാം ബൈബിൾ വിശ്വസിക്കുകയും അതു നമ്മിൽ മാറ്റം വരുത്തുവാൻ അനുവദിക്കുകയും ചെയ്കയെന്നത് നിത്യമായ പ്രാധാന്യമുള്ളതാണ്. "പിശാചുക്കളും വിശ്വസിക്കുകയും വിറക്കുകയും ചെയ്യുന്നു" എന്നത് വെറും വിശ്വാസം മാത്രം പോരാ എന്നതിന് തെളിവാണ് (യാക്കോബ് 2:19). നാം അനുവദിച്ചുകൊടുത്താൽ ദൈവംനമ്മുടെ ജീവിതത്തെ എടുത്ത് മനോഹരമായി രൂപാന്തരപ്പെടുത്തും. നിങ്ങൾ അതുചെയ്യുമോ?

കൂടുതൽ അറിയുന്നതിന്

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope Channel DIRECTV Channel 368



## Free Bible Studies

You can also contact us for information about our free Bible study plans and literature.

**www.glowonline.org**